## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T.6259 03.04.2018 -ലെ മറുപടിക്ക്**

## പട്ടികജാതി /പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറയം ഗോപകുമാർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പത്താം ശമ്പളകമ്മീഷൻ പ്രകാരമുള്ള ശമ്പളപരിഷ്കരണം നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം അനുവദിച്ചതിനുശേഷമാണ് വിവിധ വകുപ്പുകളുടെ പരിധിയിലുള്ള കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നത്. അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തയ്യാറാക്കി അംഗീകരിച്ച് നൽകുന്ന ശുപാർശകൾ സ്ഥാപനങ്ങളുടെ സർവ്വീസ് റൂൾസ് സംബന്ധിച്ച നിയമങ്ങളുടെയും/ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ശേഷമാണ് ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്. തദനുസൃതമായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ഒൻപതാം ശമ്പളകമ്മീഷൻ പ്രകാരം ലഭിക്കാതിരുന്ന അടിസ്ഥാന ശമ്പളത്തിലെ കുറവ് ഉയർന്ന തസ്തികയിലുള്ള ജീവനക്കാർക്ക് | (ബി) | പുന:പരിശോധന ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം കോർപ്പറേഷൻ സമർപ്പിക്കുന്ന പക്ഷം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

| | | | |
|---|---|---|---|
| | കുടിശ്ശിക ഉൾപ്പെടെ മുൻകാല പ്രാബല്യത്തോടെ ലഭ്യമാക്കിയപ്പോൾ താരതമ്യേന താഴ്ന്ന വേതനം കൈപ്പറ്റുന്ന അസിസ്റ്റന്റുമാർക്ക് കുടിശ്ശിക നൽകാതെ ഫിക്സേഷൻ ആനുകൂല്യം മാത്രം ലഭ്യമാക്കിയത് സംബന്ധിച്ച വിവേചനം പുന:പരിശോധിക്കാൻ തയ്യാറാകുമോ; | | |
| (സി) | കാലോചിതമായി ജോലി വർദ്ധനവിന് അനുസൃതമായി അധിക തസ്തിക പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ സൃഷ്ടിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തു മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ